COCHIN UNIVERSITY EMPLOYEES UNION

# 40 th Annual Conference

24 September 2024

SMS Auditorium ,CUSAT

## Activity Report

# കൊച്ചിൻ യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ

## 40-ാമത് വാർഷിക സമ്മേളനം

***2024 സെപ്റ്റംബർ 24 (ചൊവ്വാഴ്ച)***

സുഹൃത്തുക്കളെ,

കൊച്ചിൻ യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയന്റെ 40-ാമത് വാർഷിക ആഘോഷങ്ങളിൽ പങ്കെടുക്കുന്ന എല്ലാ യൂണിയൻ അംഗങ്ങളെയും ഭരണസമിതിക്കുവേണ്ടി ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു. ഈ ഭരണസമിതി 26 നവംബർ 2022 ന് ചുമതല ഏറ്റെടുത്തത് മുതൽ ഇതുവരെയുള്ള പ്രവർത്തന റിപ്പോർട്ട് ബഹുമാന്യരായ യൂണിയൻ അംഗങ്ങളുടെ സജീവ ചർച്ചക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് കാലയളവിൽ നമ്മെ വേർപിരിഞ്ഞ കേരളം കണ്ടതിൽ വച്ച് ഏറ്റവും പ്രമുഖനായ ആദരണീയ മുഖ്യമന്ത്രി ആയിരുന്ന സർവ്വശ്രീ. ഉമ്മൻചാണ്ടിയുടെ സ്മരണക്ക് മുമ്പിൽ ആദരാഞ്ജലികളും സ്മരണാഞ്ജലികളും അർപ്പിക്കുന്നു. കൂടാതെ നമ്മെ വിട്ടുപിരിഞ്ഞ മുൻ യൂണിയൻ അംഗങ്ങളെയും സഹപ്രവർത്തകരെയും, വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ മരണപ്പെട്ടവരുടെയും കൂടാതെ സാഹിത്യ, കലാ-സാംസ്കാരിക ശാസ്ത്ര രംഗത്തെ പ്രമുഖരുടെയും ഓർമ്മക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

### 39-ാം വാർഷിക സമ്മേളനം

കൊച്ചിൻ യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയന്റെ 39-ാമത് വാർഷിക സമ്മേളനം 2022 ഒക്ടോബർ മാസം 26, 27 തീയതികളിൽ കൊച്ചിൻ യൂണിവേഴ്സിറ്റി സ്കൂൾ ഓഫ്

മാനേജ്മെന്റ് സ്റ്റഡീസ് ഓഡിറ്റോറിയത്തിൽ വച്ച് വിവിധ കലാ പരിപാടികളോടെ ആഘോഷിച്ചു.

2022 ഒക്ടോബർ 26 ന് ഉച്ചക്ക് 1.30 ന് എസ്.എം.എസ്. ഓഡിറ്റോറിയത്തിന് മുന്നിൽ യൂണിയൻ വർക്കിംഗ് പ്രസിഡന്റ് ശ്രീ. അബ്ദുൾ അസീസ് കെ. കെ. പതാക ഉയർത്തി. തുടർന്ന് പ്രതിനിധി സമ്മേളനം ശ്രീ. അബ്ദുൾ അസീസ് കെ. കെ. (വർക്കിംഗ് പ്രസിഡന്റ്) യുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. യൂണിയൻ വൈസ് പ്രസിഡന്റ് ശ്രീ. നിസ്സാർ കെ. എസ്. പ്രതിനിധി സമ്മേളനത്തിൽ സ്വാഗതം ആശംസിച്ചു. കൊച്ചിൻ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ശ്രീ. അബ്ദുൾ അസീസ് പി. കെ. പ്രതിനിധി സമ്മേളനം ഉദ്ഘാടനം നിർവ്വഹിച്ചു. പ്രതിനിധി സമ്മേളനത്തിന് പ്രൊഫ. പ്രേംകുമാർ സി. വി., (CUTO ജനറൽ സെക്രട്ടറി), ശ്രീ. നവീൻ (CUSATTO എക്സിക്യൂട്ടീവ് അംഗം), ശ്രീ. എം. ജി. സെബാസ്റ്റ്യൻ (FUEO ജനറൽ സെക്രട്ടറി) എന്നിവർ ആശംസകൾ അർപ്പിച്ചു. തുടർന്ന് യൂണിയൻ ജനറൽ സെക്രട്ടറി ശ്രീ. എസ്. ശിവകുമാർ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. യൂണിയന്റെ വാർഷിക വരവ് ചിലവ് കണക്ക് യൂണിയൻ ട്രഷറർ ശ്രീ. ജോണി എ. വൈ. അവതരിപ്പിച്ചു. റിപ്പോർട്ട് വരവ് ചിലവ് കണക്കുകൾ യോഗം ചർച്ച ചെയ്തു കൊണ്ട് പാസ്സാക്കി. തുടർന്ന് പ്രമേയങ്ങൾ ചർച്ച ചെയ്തു. അംഗീകാരം നൽകി. അതിനുശേഷം തെരഞ്ഞെടുപ്പ് പ്രക്രിയയിലേക്ക് നീങ്ങിയെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ തെരഞ്ഞെടുപ്പ് നടത്തുവാൻ സാധിക്കാതെ വന്നതിനാൽ തെരഞ്ഞെടുപ്പ് പൊതുസമ്മേളനത്തിന് ശേഷം മറ്റൊരു ദിവസത്തിൽ നടത്താമെന്ന് തീരുമാനിച്ചു.

## പൊതുസമ്മേളനം

കൊച്ചിൻ യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയന്റെ പൊതുസമ്മേളനം 27 ഒക്ടോബർ 2022 ന് കുസാറ്റ് എസ്.എം.എസ്.

ഓഡിറ്റോറിയത്തിൽ വച്ച് യൂണിയൻ പ്രസിഡന്റ് ശ്രീ. ബെന്നി ബെഹ്നാന്റെ അദ്ധ്യക്ഷതയിൽ 10.30 ന് ആരംഭിച്ചു. യൂണിയൻ ജനറൽ സെക്രട്ടറി ശ്രീ. എസ്. ശിവകുമാർ സ്വാഗതം ആശംസിച്ചു. യൂണിയൻ പ്രസിഡന്റ് ശ്രീ. ബെന്നി ബെഹ്നാൻ എം.പി. അദ്ധ്യക്ഷ പ്രസംഗം നടത്തി. കേരള നിയമസഭയുടെ പ്രതിപക്ഷ നേതാവ് അഡ്വ. വി. ഡി. സതീശൻ പൊതു സമ്മേളനം ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് ശ്രീ. കെ. ബാബു എം.എൽ.എ., ഡി.സി.സി. പ്രസിഡന്റ് ശ്രീ. മുഹമ്മദ് ഷിയാസ് കെ.പി.സി.സി. ജനറൽ സെക്രട്ടറിഅഡ്വ. അബ്ദുൾ മുത്തലീബ് കളമശ്ശേരി കോൺഗ്രസ്സ് മണ്ഡലം കമ്മിറ്റി പ്രസിഡന്റ് ശ്രീ. നജീബ്, കുസാറ്റ് സെനറ്റ് അംഗം അഡ്വ. രാജൻ, കളമശ്ശേരി കോൺഗ്രസ്സ് ബ്ലോക്ക് കമ്മിറ്റി പ്രസിഡന്റ് ശ്രീ. സി. കെ. ഷാനവാസ്, കെ.എസ്.യു. കുസാറ്റ് യൂണിറ്റ് പ്രസിഡന്റ് ശ്രീ. കുര്യൻ ബിജു എന്നിവർ പൊതു സമ്മേളനത്തിന് ആശംസകൾ നേർന്നു.

തുടർന്ന് സർവ്വകലാശാല സർവ്വീസിൽ നിന്ന് വിരമിച്ച യൂണിയൻ അംഗങ്ങൾക്ക് യാത്രയയപ്പും മെമന്റോയും നൽകി. വാർഷിക സമ്മേളനത്തിനോടനുബന്ധിച്ച് നടത്തിയ കലാ-കായിക മത്സരങ്ങളിലെ വിജയികൾക്ക് സമ്മാനം വിതരണം ചെയ്തു. പൊതുസമ്മേളനത്തിന് ജനറൽ കൺവീനർ ശ്രീ. ആൻസൻ പി. ആന്റണി കൃതജ്ഞത അർപ്പിച്ചു. ഉച്ച ഭക്ഷണത്തിന് ശേഷം 2.30 ന് കലാപരിപാടികളുടെ ഉദ്ഘാടനം പ്രശസ്ത സംഗീത സംവിധായകൻ ശ്രീ. രഞ്ജിൻ രാജ് നിർവ്വഹിച്ചു. തുടർന്ന് യൂണിയൻ അംഗങ്ങളുടെ വിവിധ കലാ പരിപാടികൾ നടന്നു. 5 മണിയോടുകൂടി 39-ാമത് വാർഷിക സമ്മേളനം അവസാനിച്ചു.

## 39-ാമത് വാർഷിക സമ്മേളനം അംഗീകരിച്ച പ്രമേയങ്ങൾ

1. 11-ാം ശമ്പള പരിഷ്കരണ കുടിശ്ശിക എത്രയും വേഗം അനുവദിക്കണമെന്ന് ഈ യോഗം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്നു.

2. ജീവനക്കാർക്ക് അവകാശപ്പെട്ട ഡി.എ. കുടിശ്ശിക എത്രയും പെട്ടെന്ന് അനുവദിക്കണമെന്ന് സംസ്ഥാന സർക്കാരിനോട് ഈ സഭ ആവശ്യപ്പെടുന്നു.

3. ആർജ്ജിത അവധി സറണ്ടർ പുന:സ്ഥാപിക്കണമെന്ന് സംസ്ഥാന സർക്കാരിനോട് ഈ യോഗം ആവശ്യപ്പെടുന്നു.

4. KIFB ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന് യോഗം സർക്കാരിനോട് ആവശ്യപ്പെടുന്നു.

5. മെഡിസെപ്പിലെ അപാകതകൾ പരിഹരിക്കണമെന്ന് ഈ യോഗം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്നു.

6. സർവ്വകലാശാല അദ്ധ്യാപക നിയമനം അടക്കം എല്ലാ നിയമനങ്ങളും പി.എസ്.സി. വഴി ആക്കണമെന്ന് ഈ യോഗം സർക്കാരിനോട് ആവശ്യപ്പെടുന്നു.

7. നോൺ പ്ലാൻ ഫണ്ട് സമയബന്ധിതമായി സർവ്വകലാശാലക്ക് നൽകണമെന്ന് ഈ യോഗം കേരള സർക്കാരിനോട് ആവശ്യപ്പെടുന്നു.

8. സർവ്വകലാശാലകൾ പെൻഷൻ ഫണ്ട് രൂപീകരിക്കണം എന്ന സർക്കാർ ഉത്തരവ് പിൻവലിക്കണമെന്ന് ഈ യോഗം സർക്കാരിനോട് ആവശ്യപ്പെടുന്നു.

9. മറൈൻ സയൻസ് ഡിപ്പാർട്ട്മെന്റിലെ സർക്കാർ അംഗീകൃത തസ്തികയിലേക്ക് ക്ലാസ് 4 വിഭാഗം ജീവനക്കാരെ പുന:ക്രമീകരിക്കുക എന്ന് സർവ്വകലാശാലയോട് ഈ യോഗം ആവശ്യപ്പെടുന്നു.

10. സർവ്വകലാശാലയിലെ 40 താൽക്കാലിക അസിസ്റ്റന്റ് തസ്തികകയിൽ സ്ഥിരപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണം എന്ന് ഈ യോഗം സർക്കാരിനോടും സർവ്വകലാശാലയോടും ആവശ്യപ്പെടുന്നു.

## തെരഞ്ഞെടുപ്പ് ജനറൽ ബോഡി യോഗം

39-ാം പ്രതിനിധി സമ്മേളനത്തിൽ ചില സാങ്കേതിക കാരണങ്ങൾ മാറ്റി വക്കപ്പെട്ട പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുവാനുള്ള ജനറൽ ബോഡി യോഗം 24 നവംബർ 2022 ന് എസ്.എം.എസ്. ഓഡിറ്റോറിയത്തിൽ വച്ച് 1.30 ന് ആരംഭിച്ചു. യോഗത്തിലെ പ്രധാന അജണ്ട പുതിയ യൂണിയൻ ഭാരവാഹികളെ തെരഞ്ഞെടുക്കുക എന്നതായിരുന്നു. തുടർന്ന് നടന്ന യോഗം താഴെപ്പറയുന്നവരെ യൂണിയന്റെ പുതിയ ഭരണ സമിതി അംഗങ്ങളായി തെരഞ്ഞെടുത്തു.

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ. ബെന്നി ബെഹ്നാൻ |
| വൈസ് പ്രസിഡന്റ് | : | ശ്രീ. നിസ്സാർ കെ. എസ്. |
| ജനറൽ സെക്രട്ടറി | : | ശ്രീ. ആൻസൻ പി. ആന്റണി |
| വർക്കിംഗ് പ്രസിഡന്റ് | : | ശ്രീ. അബ്ദുൾ അസീസ് കെ. കെ. |
| ട്രഷറർ | : | ശ്രീമതി. ചിത്ര എസ്. എച്ച്. |
| സെക്രട്ടറിമാർ | : | ശ്രീ. ശരൺ എസ്. |
| | : | ശ്രീ. മജീദ് വി. എസ്. |
| | : | ശ്രീ. അബ്ദുൾ ജമാൽ കെ. എം. |
| | : | ശ്രീ. ഷിഹാബുദ്ദീൻ പി. കെ. |
| | : | ശ്രീ. ഷമീർ പി. കെ. |
| | : | ശ്രീ. ഉദയപ്പൻ പി. |

## പ്രവർത്തക സമിതി അംഗങ്ങൾ

ശ്രീ. സാജു ഐ. എസ്., ശ്രീമതി. സജീന മുഹമ്മദ്, ശ്രീ. സുധീർ അസീസ്, ശ്രീമതി. ഷംസീല ടി. എസ്., ശ്രീമതി.

4. ട്രാൻസ്ഫറുകൾ ട്രാൻസ്ഫർ നോംസ് അനുസരിച്ച് നടത്തുവാൻ വേണ്ട നടപടികൾ എടുക്കണം.

## ഉപസംഗ്രഹം

കഴിഞ്ഞ എട്ടുവർഷക്കാലമായി പ്രതിപക്ഷ സ്ഥാനത്ത് നിൽക്കുന്ന ഒരു സംഘടനയാണെങ്കിലും, ഈ കാലഘട്ടങ്ങളിൽ യൂണിയനും, യൂണിയൻ അംഗങ്ങൾക്കും ഉണ്ടായിട്ടുള്ള പ്രതിസന്ധികളെയും, ബുദ്ധിമുട്ടുകളും തരണം ചെയ്യുവാൻ നാം എല്ലാവരും ഒത്തൊരുമിച്ച് നിന്ന് സാധിച്ചിട്ടുണ്ട്. കൊടിയുടെ നിറമോ, ഭരിക്കുന്നവരുടെ രാഷ്ട്രീയമോ നോക്കാതെ ജീവനക്കാരുടെ പ്രശ്നങ്ങളിൽ എന്നും മുന്നിട്ടറുങ്ങുന്ന സംഘടനയാണ് നമ്മുടേത്. ആ ലക്ഷ്യം മുൻനിർത്തിയാണ് സംഘടനാ പ്രവർത്തനം നടന്നത്. പോരായ്മകൾക്കിടയിലും യൂണിയൻ അംഗങ്ങളെ ഒറ്റക്കെട്ടായി നിർത്തിക്കൊണ്ട് അവകാശങ്ങൾ നേടിയെടുക്കുവാനും അർഹമായ ആനുകൂല്യങ്ങൾ അധികാരികളെക്കൊണ്ട് അനുവദിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. ഒട്ടനവധി ആനുകൂല്യങ്ങൾ ഇപ്പോഴും തടസ്സപ്പെട്ടിരിക്കുന്നു. ഈ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടി ശക്തമായ സമര മാർഗ്ഗങ്ങൾ തുടർന്നും നമുക്ക് എടുക്കേണ്ടിയിരിക്കുന്നു.

ഈ ഭരണസമിതിയോട് സഹകരിച്ച എല്ലാവർക്കും കൃതജ്ഞത അറിയിച്ചുകൊണ്ട് 2022 ഒക്ടോബർ മുതൽ 2024 സെപ്റ്റംബർ വരെയുള്ള യൂണിയന്റെ പ്രവർത്തന റിപ്പോർട്ട് സജീവ ചർച്ചക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

അഭിവാദനങ്ങളോടെ,

കൊച്ചി - 682 022
23-09-2024

**ആൻസൻ പി. ആന്റണി**
ജനറൽ സെക്രട്ടറി